# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:17.10.2025

## പ്രധാനവാർത്തകൾ

1. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കേരള സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നാലുദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 -ന് രാഷ്ട്രപതി തിരുവനന്തപുരത്തെത്തും. 22ന് ശബരിമല ദർശനം.

2. തൃശ്ശൂർ പാലിയേക്കരയിൽ ടോൾ പിരിക്കാൻ ഉപാധികളോടെ അനുമതി നൽകി ഹൈക്കോടതി.

3. ശബരിമല സ്വർണപ്പാളി അപഹരണ കേസിൽ അറസ്റ്റിലായ ഉണ്ണികൃഷ്ണൻ പോറ്റിയെ ഈ മാസം 30 വരെ റാന്നി കോടതി പ്രത്യേക അന്വേഷണ സംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു.

4. രാജ്യത്തെ ആദ്യ ട്രാവൽ-ലിറ്ററി ഫെസ്റ്റിവൽ യാനത്തിന് ഇന്ന് വർക്കലയിൽ തുടക്കമാകും.

5. തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്നു തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തി തിരഞ്ഞെടുപ്പിനുള്ള നറുക്കെടുപ്പ് നാളെ.

6. സംസ്ഥാനത്ത് ശക്തമായ മഴ തുടരും. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ തിങ്കളാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

PIU TVPM

## രാഷ്ട്രപതി- കേരള സന്ദർശനം

രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ കേരള സന്ദർശനത്തിനുള്ള ഒരുക്കങ്ങൾ പുരോഗമിക്കുന്നു. നാലുദിവസത്തെ സന്ദർശനത്തിനായി ഈ മാസം 21 -ന് രാഷ്ട്രപതി തിരുവനന്തപുരത്തെത്തും. 22ന് ശബരിമലയിൽ ദർശനം നടത്തും. മുൻ രാഷ്ട്രപതി കെ.ആർ. നാരായണൻറെ അർധകായ പ്രതിമ 23ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. തുടർന്ന് ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദിയിൽ രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെൻറ് തോമസ് കോളജിൽ നടക്കുന്ന പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളിലും പങ്കെടുക്കും. 24ന് എറണാകുളം സെൻറ് തെരേസാസ് കോളജിലെ ശതാബ്ദി ആഘോഷത്തിൽ പങ്കെടുത്തശേഷം വ്യോമസേനയുടെ പ്രത്യേക വിമാനത്തിൽ വൈകുന്നേരം രാഷ്ട്രപതി ന്യൂഡൽഹിക്ക് മടങ്ങും.

RNUTVPM

## ബിഹാർ-നാമനിർദ്ദേശപത്രിക

ബിഹാറിൽ ആദ്യഘട്ട നിയമസഭാ തിരഞ്ഞെടുപ്പിൻറെ നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്ന് അവസാനിക്കും. പത്രികകളുടെ സൂക്ഷ്മ പരിശോധന നാളെ നടക്കും. ഈ മാസം 20 വരെ പത്രിക പിൻവലിക്കാൻ അവസരമുണ്ട്. 243 അംഗ ബിഹാർ നിയമസഭയിലേക്ക് രണ്ട്

ഘട്ടങ്ങളിലായി അടുത്ത മാസം 6 നും 11 നുമാണ് വോട്ടെടുപ്പ്. 14 നാണ് വോട്ടെണ്ണൽ.

❋❋❋❋❋❋❋❋❋❋❋❋❋

**മുഖ്യമന്ത്രി-കേരളം**

ഗൾഫ് സന്ദർശനത്തിൻറെ ഭാഗമായി ബഹ്റിനിൽ എത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് പ്രവാസി മലയാളി സംഗമം ഉദ്ഘാടനം ചെയ്യും. മലയാള മിഷനും, ലോക കേരള സഭയും ചേർന്ന് സംഘടിപ്പിക്കുന്ന പരിപാടിയിൽ ബഹ്റിനിലെ ഇന്ത്യൻ അംബാസഡർ വിനോദ് ജേക്കബ്, മന്ത്രി സജി ചെറിയാൻ, പത്മശ്രീ എം.എ യൂസഫ് അലി എന്നിവർ വിശിഷ്ടാതിഥികളാകും.

❋❋❋❋❋❋❋❋❋❋❋❋❋

**ടോൾ പുനസ്ഥാപിച്ചു**

തൃശ്ശൂർ പാലിയേക്കരയിൽ ടോൾ പിരിക്കാൻ ഉപാധികളോടെ അനുമതി നൽകി ഹൈക്കോടതി. പഴയ നിരക്ക് തന്നെ പിരിക്കും. ടോൾ പിരിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായതായി ഗുരുവായൂർ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് അറിയിച്ചു. ടോൾ പിരിവ് പുനസ്ഥാപിക്കുന്ന പശ്ചാത്തലത്തിൽ പാലിയേക്കര ടോൾ ബൂത്തിന് പോലീസ് സുരക്ഷ വർധിപ്പിച്ചു. 50- തോളം പോലീസുകാരെ ടോൾ ബൂത്തിൽ വിന്ന്യസിച്ചിട്ടുണ്ട്.

RNUTVPM

## ജിഎസ്ടി കേരളം (ഇൻട്രോ)

പുത്തൻ തലമുറ ജിഎസ്ടി പരിഷ്കരണം കേരളത്തിലെ കർഷകർക്കും ചെറുകിട വ്യവസായങ്ങൾക്കും ഏറെ ഗുണകരമാണ്. ജിഎസ്ടി നിരക്ക് ഇളവ് കേരളത്തിലെ കൃഷി, ഭക്ഷ്യ സംസ്കരണം, ടൂറിസം മേഖലകളെ ശക്തിപ്പെടുത്തുകയും വരുമാനം മെച്ചപ്പെടുത്തുകയും ചെയ്യുമെന്നാണ് വിലയിരുത്തൽ.

***വിശദാംശങ്ങളിലേക്ക്............***

***(വോയിസ്)***

RNUTVPM

## ജിഎസ്ടി-ഗുണഭോക്താവ് (ഇൻട്രോ)

ഹോട്ടലുകൾക്കും ഹോംസ്റ്റേകൾക്കുമുള്ള ജിഎസ്ടി

5 ശതമാനമാക്കിയത് സംസ്ഥാനത്തിൻറെ ടൂറിസം വ്യവസായത്തെ പിന്തുണയ്ക്കാൻ സഹായകരമാകുമെന്ന് ജിഎസ്ടി ഗുണഭോക്താവ് മനോജ് ആകാശവാണി വാർത്തകളോട് ......

**(വോയിസ്)**

❁❁❁❁❁❁❁❁❁❁❁❁❁

**കെ രാജൻ**

പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുക്കളാകുന്ന വികസനമാണ് കേരളത്തിന് ആവശ്യമെന്ന് മന്ത്രി കെ രാജൻ. സർവ്വേ ഭൂരേഖ വകുപ്പിന്റെ ഭാവി വികസനം ലക്ഷ്യമിട്ടുള്ള വിഷൻ 2031 സംസ്ഥാനതല സെമിനാർ എറണാകുളത്തു ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മൂന്നേ മുക്കാൽ കോടിയോളം ജനങ്ങൾക്ക് തങ്ങളുടെ ആവശ്യങ്ങൾക്കായി ഏകദേശം 28 ലക്ഷം ഹെക്ടർ ഭൂമിയാണ് സംസ്ഥാനത്തുള്ളതെന്നും റവന്യു മന്ത്രി വ്യക്തമാക്കി.

RNUTVPM

❁❁❁❁❁❁❁❁❁❁❁❁❁

**വീണ ജോർജ് - ഉദ്ഘാടനം**

വയനാട് സുൽത്താൻ ബത്തേരിയിലും മീനങ്ങാടിയിലും നിർമാണം പൂർത്തിയാക്കിയ ആശുപത്രി കെട്ടിടങ്ങളുടെയും വിവിധ പദ്ധതികളുടെയും ഉദ്ഘാടനം മന്ത്രി വീണ ജോർജ് നിർവഹിക്കും. മന്ത്രി ഒ.ആർ കേളു അധ്യക്ഷത വഹിക്കും. പ്രിയങ്ക ഗാന്ധി എം. പി പങ്കെടുക്കും. മീനങ്ങാടിയിൽ ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നവീകരിച്ച ഫാർമസിയുടേയും പൊതുജനാരോഗ്യ വിഭാഗത്തിൻ്റയും ഉദ്ഘാടനവും മന്ത്രി നിർവഹിക്കും.

## സപ്ലൈകോയുടെ ഗോൾഡൻ ജൂബിലി

സപ്ലൈകോയുടെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളനം നാളെ നടക്കും. എറണാകുളം ബോൾഗാട്ടി പാലസിൽ മന്ത്രി ജി ആർ അനിൽ ഉദ്ഘാടനം ചെയ്യും. രണ്ട് സെഷനുകളിലായി നടക്കുന്ന സമാപന സമ്മേളനത്തിൽ പഴയ മാനേജിംഗ് ഡയറക്ടർമാരെയും വിതരണക്കാർ, സപ്ലൈകോയുമായി ചേർന്ന് പ്രവർത്തിക്കുന്ന മറ്റു സ്ഥാപനങ്ങൾ തുടങ്ങിയവരെയും ആദരിക്കും.

PNU IVPM

## മൻ കി ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന് രാവിലെ 11 മണിക്ക്. മൻ കി ബാത്തിൻ്റെ 127-ാം പതിപ്പിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും

1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും

ഈ മാസം 24 വരെ പങ്കുവയ്ക്കാം.

**ശബരിമല-അറസ്റ്റ്**

ശബരിമല സ്വർണ്ണപ്പാളി അപഹരണ കേസുമായി ബന്ധപ്പെട്ട് ഉണ്ണികൃഷ്ണൻ പോറ്റിയെ ഈ മാസം 30 വരെ പ്രത്യേക അന്വേഷണ സംഘത്തിൻ്റെ കസ്റ്റഡിയിൽ വിട്ടു. പത്തനംതിട്ട റാന്നി ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് കോടതിയുടേതാണ് ഉത്തരവ്. കേസിലെ അതീവ രഹസ്യസ്വഭാവം ഉണ്ടാവണമെന്ന ഹൈക്കോടതിയുടെ ആവശ്യപ്രകാരം എസ്.ഐ.ടിയുടെ നിർദ്ദേശം അനുസരിച്ച് അടച്ചിട്ട മുറിയിലാണ് കോടതി വാദം കേട്ടത്. രണ്ടു കേസുകളാണ് ഉണ്ണികൃഷ്ണൻ പോറ്റിക്കെതിരെയുള്ളത്.

RIJU TVPM

**ശബരിമല (ഇൻട്രോ)**

തുലാമാസ പൂജകൾക്കായി ശബരിമല ക്ഷേത്രനട ഇന്നു തുറക്കും. ശബരിമല, മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള
നറുക്കെടുപ്പ് നാളെ സന്നിധാനത്ത് നടക്കും.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ........**

**(വോയിസ്)**

**മഴ-കേരളം**

സംസ്ഥാനത്ത് ശക്തമായ മഴ തുടരും. എറണാകുളത്തും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. ഏഴ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-ലക്ഷ്വദ്വീപ് തീരങ്ങളിൽ ഈ മാസം 20 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. കർണാടക തീരത്ത് നിന്നും ഇന്ന് മുതൽ മത്സ്യബന്ധനത്തിന് പോകരുതെന്നും നിർദ്ദേശമുണ്ട്.

❁❁❁❁❁❁❁❁❁❁❁❁❁

**യാനം (ഇൻട്രോ)**

യാത്രയും എഴുത്തനുഭവങ്ങളും ഒരുമിക്കുന്ന രാജ്യത്തെ ആദ്യ ട്രാവൽ-ലിറ്ററി ഫെസ്റ്റിവൽ, യാനത്തിന് ഇന്ന് വർക്കലയിൽ തുടക്കമാകും. മൂന്ന് ദിവസത്തെ പരിപാടി മന്ത്രി

പി എ മുഹമ്മദ് റിയാസ് വൈകിട്ട് ഉദ്ഘാടനം ചെയ്യും.

***ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയ്യാറാക്കിയ റിപ്പോർട്ട്......***

***(വോയിസ്)***

❁❁❁❁❁❁❁❁❁❁❁❁❁

**വിജിലൻസ് ബോധവൽക്കരണ വാരം**

RNU TVPM

വിജിലൻസ് ബോധവൽക്കരണ വാരത്തോടനുബന്ധിച്ച്, ആകാശവാണി തിരുവനന്തപുരം നിലയം, തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിൻ്റെ സഹകരണത്തോടെ, തിരുവനന്തപുരം, കൊല്ലം, കോട്ടയം, പത്തനംതിട്ട, ആലപ്പുഴ എന്നീ ജില്ലകളിലെ കോളേജ് വിദ്യാർത്ഥികൾക്കായി പ്രസംഗമത്സരം, പ്രബന്ധമത്സരം, റീൽസ് മത്സരം എന്നിവ സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്കായി ആകാശവാണി തിരുവനന്തപുരം നിലയത്തിൻ്റെ സോഷ്യൽ മീഡിയ പേജുകൾ സന്ദർശിക്കുകയും പേജിൽ ലഭ്യമായ ഗൂഗിൾ ഫോം വഴി രജിസ്ട്രേഷൻ പൂർത്തിയാക്കാവുന്നതുമാണ്.

PNU TVPM

**ഓഹരി/സ്വർണം**

രാജ്യത്തെ ഓഹരി വിപണികൾ നേട്ടം. സെൻസെക്സ് 651 പോയിൻറ് ഉയർന്ന് 84,109 ലും നിഫ്റ്റി 180 പോയിൻറ് നേട്ടത്തിൽ 25,762 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണവിലയിൽ വർധന. പവന് 2,840 രൂപ കൂടി 97,360 ഉം ഗ്രാമിന് 355 രൂപ വർദ്ധിച്ച് 12,170 രൂപയുമാണ് ഇന്നത്തെ വില.

**രഞ്ജി ട്രോഫി**

രഞ്ജി ട്രോഫി ക്രിക്കറ്റിൽ മഹാരാഷ്ട്രയ്ക്കെതിരെ മൂന്നാം ദിനം കേരളം ഒന്നാം ഇന്നിങ്ങ്സ് ബാറ്റിംഗ് പുനരാരംഭിച്ചു. ഉച്ചഭക്ഷണത്തിന് പിരിയുമ്പോൾ കേരളം 6 വിക്കറ്റ് നഷ്ടത്തിൽ 152 റൺസ് എടുത്തിട്ടുണ്ട്. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം.

## കളിക്കളം കായികമേള

പട്ടികവർഗ വികസനവകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെയും പ്രീമെട്രിക് ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികൾ പങ്കെടുക്കുന്ന എട്ടാമത് കളിക്കളം കായികമേളയ്ക്ക് നാളെ തുടക്കമാകും. തിരുവനന്തപുരം കാര്യവട്ടം എൽ എൻ സി പി സ്റ്റേഡിയത്തിൽ മന്ത്രി വി ശിവൻകുട്ടി പതാക ഉയർത്തി ഉദ്ഘാടനം നിർവഹിക്കും. മൂന്നു ദിവസത്തെ കായിക മേളയിൽ 1,500 കുട്ടികൾ വിവിധ ഇനങ്ങളിൽ മത്സരിക്കും.

RNU TVPM